**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2590** **06-10-2025 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ജി.എസ്ടി. നിയമത്തിനനുസൃതമായി വകുപ്പിനെ 2023 ജനുവരിയിൽ പുന:സംഘടപ്പിക്കുകയും വകുപ്പിനെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെൻറ് എന്നീ മൂന്ന് വെർട്ടികലുകളായി തിരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഓരോ വിഭാഗങ്ങളും നികുതി പിരിവ് ഊർജ്ജിതമാക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>ടാക്സ്പെയർ സർവ്വീസസ് വെർട്ടിക്കലുകളിൽ നികുതിദായകർ റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും പ്രസ്തുത റിട്ടേണുകൾ പരിശോധിച്ച് നികുതി അടവ് ഉറപ്പുവരുത്തുകയും ചെയ്യുന്നു.<br><br>ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരം തിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് അവർ ഫയൽ ചെയ്ത റിട്ടേണുകളുമായി താരതമ്യം ചെയ്ത് എവിടെയെങ്കിലും നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ എന്നും പരിശോധിച്ച് നടപടികൾ എടുത്തു വരുന്നു.<br><br>എൻഫോഴ്സ്മെൻറ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പ വരുത്തുകയും 24 മണിക്കൂറും പട്രോളിങ്ങിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് |

| | | | |
|---|---|---|---|
| | | | വിഭാഗം സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും കണ്ടു കെട്ടേണ്ടതായ കേസുകളിൽ നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികളെടുക്കുകയും ചെയ്യുന്നു. ഇതു കൂടാതെ വാഹന പരിശോധനയിൽ കണ്ടെത്തുന്ന തുടരന്വേഷണം ആവശ്യമായ കേസുകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു.<br><br>ഇന്റലിജൻസ് വിഭാഗം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പുവരുത്തി സേർച്ച് / ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. ഇതുകൂടാതെ അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റിന് വിധേയമാക്കുകയും ചെയ്യുന്നു. അന്തർ സംസ്ഥാന നികുതി വെട്ടിപ്പ് തടയുന്നതിനായി ക്രോസ് ബോർഡറിംഗ് ഇന്റലിജൻസ് സംവിധാനവും ഉപയോഗപ്പെടുത്തുന്നു.<br><br>മേൽ വിവരിച്ച പ്രവർത്തനങ്ങളിലൂടെ നികുതി പിരിവു കാര്യക്ഷമവും ഊർജിതവുമായി നടത്തി വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ പുന:സംഘടന നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നടപ്പിലാക്കിയിട്ടുണ്ട്.<br><br>നികുതി പിരിവ് കാര്യക്ഷമമാക്കി നികുതി വരുമാനം ഉയർത്തുക എന്ന ഉദ്ദേശത്തോടെ 2023 ജനുവരിയിൽ, ജി എസ് ടി നിയമത്തിനനുസൃതമായി വകുപ്പിനെ പുന: സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നികുതിദായകർക്കുള്ള സേവനങ്ങൾ ഫലപ്രദമായി നല്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമായി വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്പെഷ്യലയിസെഡ് ട്രയിനിങ് നല്കുകയും ചെയ്തിട്ടുണ്ട്. ഈ പുന:സംഘടന അനുസരിച്ചു സംസ്ഥാന GST വകുപ്പിനെ പ്രധാനമായും ടാക്സ് പെയർ സർവീസ് വിങ്, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിങ്, ഓഡിറ്റ് വിങ് എന്നിങ്ങനെ 3 വെർട്ടിക്കലുകൾ ആയി വിഭജിക്കുകയും ടി വിങ്ങുകൾ നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി ചോർച്ച ഒഴിവാക്കുന്നതിനും ആയി ജി എസ് ടി നിയമപ്രകാരമുള്ള വിവിധ നടപടിക്രമങ്ങൾ ഊർജിതമായി നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ചരക്ക് നീക്കത്തിന്റെ തത്സമയ ട്രാക്കിംഗും നിരീക്ഷണവും സുതാര്യമാക്കുന്നതിനായി സംസ്ഥാനത്ത് ചെക്ക് പോസ്റ്റുകൾ നിലനിന്നിരുന്ന സ്ഥലങ്ങളിൽ ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (ANPR) സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ട്.<br><br>കൂടാതെ GST Common Portal ലെ റിപ്പോർട്ടുകളും specialized ആയിട്ടുള്ള Analytics Portal, BIFA (Business Intelligence & Fraud Analytics), തുടങ്ങിയവയും നികുതി പിരിവ് കാര്യക്ഷമമാക്കാൻ ഉപയോഗിച്ചു വരുന്നു. |
| (ഡി) | വ്യാജ ജി. എസ്. ടി. രജിസ്ട്രേഷനിലൂടെ വ്യാപാരം നടത്തി വൻതോതിൽ നികുതിവെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജി. എസ്. ടി. വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 200 കോടിയിലധികം നികുതിവെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>വ്യാജ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഓപ്പറേഷൻ "പാം ട്രീ" എന്ന പേരിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെൻറ് വിഭാഗം ആക്രി കച്ചവട കേന്ദ്രങ്ങളിൽ നടത്തിയ റെയ്ഡിൽ പ്രഥമ ദൃഷ്ടിയാൽ 209 കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയിരുന്നത്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ